■ വിദ്യാകിരണം

# ജില്ലയിലുയർന്നത് 25 സ്കൂൾ കെട്ടിടം

സ്വന്തം ലേഖിക

പാലക്കാട്

## ■ 48 എണ്ണത്തിന്റെ നിർമാണം പുരോഗമിക്കുന്നു

വിദ്യാകിരണം പദ്ധതിയിൽ ജില്ലയിൽ 25 സ്കൂൾ കെട്ടിടങ്ങളുടെ നിർമാണം പൂർത്തിയായി. 48 കെട്ടിടങ്ങളുടെ നിർമാണം പുരോഗമിക്കുന്നു. 2023–24ൽ അംഗീകാരം ലഭിച്ച 34 കെട്ടിടങ്ങളുടെ നിർമാണം ആദ്യഘട്ടത്തിലാണെന്നും കലക്ടർ ഡോ. എസ് ചിത്രയുടെ അധ്യക്ഷതയിൽ ചേർന്ന വിദ്യാകിരണം അവലോകനയോഗം വിലയിരുത്തി. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാനും ജനകീയ വിദ്യാഭ്യാസ മാതൃക വികസിപ്പിക്കാനും ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് വിദ്യാകിരണം. വിവിധ ഘട്ടങ്ങളിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ നിർമാണ പുരോഗതിയും പൂർത്തിയായ കെട്ടിടങ്ങളുടെ ഫിറ്റ്നസും അവലോകനം ചെയ്തു.

കാലതാമസം ഒഴിവാക്കാൻ പുരോഗതി കൃത്യമായി വിലയിരുത്തണമെന്ന് കലക്ടർ യോഗത്തിൽ നിർദേശം നൽകി. ഫിറ്റ്നസ് സംബന്ധിച്ച് ഏജൻസികൾ ശ്രദ്ധ പുലർത്തണം. അതിവേഗം ഫിറ്റ്നസ് ലഭ്യമാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദേശം നൽകി. 27ന് കോൺട്രാക്ടർമാരെക്കൂടി ഉൾപ്പെടുത്തി യോഗം ചേരും.

സബ് കലക്ടർ ഡി ധർമലശ്രീ, നവകേരളം ജില്ലാ കോ–ഓർഡിനേറ്റർ പി സെയ്തലവി, വിദ്യാഭ്യാസ ഉപഡയറക്ടർ പി വി മനോജ്കുമാർ, വിദ്യാകിരണം ജില്ലാ കോ–ഓർഡിനേറ്റർ കെ എൻ കൃഷ്ണകുമാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.